## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. *288.

19.06.2019- ൽ മറുപടിയ്ക്ക്

### കാർഷിക മേഖലയിലെ പ്രതിസന്ധിയും സുസ്ഥിര കൃഷി രീതിയും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. രാജഗോപാലൻ<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, എൻ. വിജയൻ പിള്ള<br>,, ബി.ഡി. ദേവസ്സി | | ശ്രീ. വി. എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ നയങ്ങളുടെ ഫലമായി രാജ്യത്താകെ കാർഷികമേഖല നേരിടുന്ന നാണ്യവിളകളുടെ വിലത്തകർച്ച പോലുള്ള പ്രതിസന്ധി സംസ്ഥാനം തരണം ചെയ്യുന്നതിന് ഭൂഘടനയ്ക്കും പരിസ്ഥിതിക്കും ഇണങ്ങുന്ന കൃഷിയിലൂടെ ചെലവുകുറച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ ഉതകുന്ന സുസ്ഥിരകൃഷിരീതി അവലംബി ക്കുവാൻ, മണ്ണിന്റെ ഘടനയും ഭൂപ്രകൃതിയുടെയും കാലാവസ്ഥ യുടെയും പ്രത്യേകതകളും കണക്കി ലെടുത്ത് കാർഷിക പരിസ്ഥിതി മേഖലകൾ വേർതിരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കേരള പുനർനിർമാണ പദ്ധതി (Rebuild Kerala Initiative-RKI) യുടെ ഭാഗമായി 25/5/2019 തീയതിയിലെ സ.ഉ.(കൈ) നം. 66/2019/കൃഷി പ്രകാരം കാർഷിക പാരിസ്ഥിതിക മേഖല (അഗ്രോ ഇക്കോളജിക്കൽ സോൺ) ആധാരമാക്കി കേരളത്തിലെ കാർഷിക മേഖലയെ പുനർവിഭജിക്കുന്ന പ്രവർത്തനങ്ങൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വിളകളെ അടിസ്ഥാനപ്പെടുത്തി പ്രത്യേക കാർഷിക സാമ്പത്തിക മേഖലകൾ നിർണയിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവഴി ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; മലബാർ കാപ്പിയുടെ ബ്രാൻഡിംഗ് സൃഷ്ടിക്കാനിടയുള്ള നേട്ടം അറിയി ക്കാമോ; | (ബി) | ഉണ്ട്. പ്രത്യേക കാർഷിക മേഖലകളിൽ അതാതു വിളയുടെ സമഗ്രവികസനം സാധ്യമാക്കി പരമാവധി ആഭ്യന്തര ഉത്പാദനം കൈവരിക്കുവാനും വിളവെടു പ്പിനു ശേഷമുള്ള പരിചരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ചിട്ടപ്പെടുത്തി കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

വയനാട്ടിലെ കാപ്പി പൊടി "മലബാർ കാപ്പി" എന്ന പേരിൽ ബ്രാൻഡ് ചെയ്ത് വിൽക്കുന്നതോടെ വയനാട്ടിലെ കാപ്പി കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിന് സാധ്യമാകും. ഇന്ന് കാപ്പി പൊടിയുടെ ചില്ലറ വിലയുടെ 10% മാത്രമാണ് വയനാട്ടിലെ കാപ്പിക്കുരു കർഷകർക്ക് ലഭിക്കുന്നത്. ബ്രാൻഡിംഗ് സാധ്യമാകുന്നതോടെ ഇത് 20% ആയെങ്കിലും ഉയർത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. ബ്രാൻഡിംഗ് നടപ്പിലാകുന്നതോടെ അന്താരാഷ്ട്ര മാർക്കറ്റിൽ വയനാട് കാപ്പി പൊടി ഉയർന്ന വിലയ്ക്ക് വിൽക്കാനാകും.

**(സി)** കാർഷികരംഗത്തെ ഗവേഷണത്തിനും പുതിയ അറിവുകൾ കർഷകരിലേക്കെത്തിക്കുന്നതിനും ഉള്ള മാർഗം അറിയിക്കാമോ; ഇത് കൂടുതൽ കാര്യക്ഷമമാക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

**(സി)** കൃഷി അനുബന്ധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യ കർഷകരിലെത്തിക്കുന്നതിന് നടപ്പിലാക്കി വരുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ആത്മ. ശാസ്ത്രീയ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ, കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിച്ചു കൊണ്ടുള്ള 'ആത്മ' പദ്ധതി വിവിധ ഘടകങ്ങളായ വയൽ വിദ്യാലയങ്ങൾ, പ്രതിമാസ സാങ്കേതിക ശില്പശാല, കർഷകർക്കുള്ള പരിശീലന പരിപാടികൾ എന്നിവ വഴി കർഷകരിൽ എത്തിക്കുന്നു. ഇതു കൂടാതെ ഗവേഷണ ഫലങ്ങൾ കർഷകരിലെത്തിക്കുന്നതിന് ഗവേഷണ കേന്ദ്രങ്ങളിലേക്കുള്ള സന്ദർശന പരിശീലന പരിപാടികൾ, മാതൃക കൃഷിയിടങ്ങളിലേക്കുള്ള പഠന യാത്രകൾ, കർഷക-ശാസ്ത്രജ്ഞ മുഖാമുഖ സംവാദങ്ങൾ എന്നിവയും സഹായകമാകുന്നു. കാർഷിക വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായി മാതൃകാ കൃഷിയിടങ്ങൾ (ഡെമോൺസ്ട്രേഷൻ) കർഷകരുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.

മാനവ വിഭവശേഷി വികസന പദ്ധതി പ്രകാരം കൃഷി വകുപ്പിന്റെ 5 മേഖലാ പരിശീലന കേന്ദ്രങ്ങൾ 2 കാർഷിക പരിശീലന കേന്ദ്രങ്ങൾ

| | |
|---|---|
| | വെള്ളായണിയിലെ ആർ.റ്റി.റ്റി.സി എന്നിവ വഴി കർഷകർക്ക് നൂതന സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകി വരുന്നു.<br>വിജ്ഞാനവ്യാപനം ശക്തിപ്പെട്ടുന്നതിന്റെ ഭാഗമായി കേരള അഗ്രിക്കൾച്ചർ ഇന്നോവേഷൻ എക്സ്റ്റൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**